ടാക്സികാറിനു് ഈടാക്കുന്ന ടാക്സു്

* 340. [42] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സികാറിനു് ഇന്നു ഈടാക്കുന്ന ടാക്സു് എത്ര നിരക്കിലാണു് ;

(ബി) അയൽ സംസ്ഥാനമായ മദ്രാസിൽ എത്ര നിരക്കിലാണു് ഈടാക്കുന്നതു് ;

(സി) തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ അതിനുള്ള കാരണമെന്തു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) മൂന്നു് ആളുകൾവരെ കയറാവുന്ന ടാക്സി കാറിനു് ഒരു കിലോമീറ്ററിന് നാല്പതു രൂപയും, മൂന്നിനും അഞ്ചിനും ഇടയ്ക്കു് ആളുകൾ കയറാവുന്ന ടാക്സി കാറിനു് ഒരു കിലോമീറ്ററിൽ നൂറു രൂപയും ആണു് ടാക്സിചാർജ്ജു ചെയ്യുന്നതു്.

(ബി) മദ്രാസു് സിറ്റിയിൽ ഓടുന്ന ടാക്സി കാറുകൾക്കു് ഒരു കിലോമീറ്ററിനു് അറുപതു രൂപയും മറ്റു സ്ഥലങ്ങളിൽ ഓടുന്നവയ്ക്കു് ഒരു കിലോമീറ്ററിൽ എഴുപത്തഞ്ചു രൂപയും ആണു് ഈടാക്കുന്നതു്.

(സി) മോട്ടോർ വാഹനങ്ങളുടെമേൽ ഈ സ്റ്റേറ്റിൽ ചുമത്തിയിരിക്കുന്ന നികുതി മദ്രാസു് സ്റ്റേറ്റിൽ ചുമത്തിയിരിക്കുന്ന നിരക്കിലല്ലാത്തതു കൊണ്ടു്.

UNSTARRED QUESTION AND ANSWER

മദ്യം ഉപയോഗിക്കുന്നതിനു് ലൈസൻസു്

* 54. [14] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യത്തിനു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യം ഉപയോഗിക്കുന്നതിനു് കേരളത്തിൽ എത്രപേർക്കു് ലൈസൻസു ലഭിച്ചിട്ടുണ്ടു്?

ഉത്തരം

182 (നൂറ്റി എൺപത്തിരണ്ടു പേർക്കു്)

Statement by the Chief Minister Re : Resignation by Shri P. T. Chacko of his Ministership.

Mr. Speaker: Before proceeding to the next item in the List of Business, the hon. Chief Minister wants to make a statement. I call upon the hon. Chief Minister to make the statement.

9 A M]

LIBRARY ARCHIVES Kerala Legislative Assembly